Dhanush.S

705

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2015-2016

## സാമൂഹ്യശാസ്ത്രം

ക്ലാസ്സ് : VII സമയം : 2 മണിക്കൂർ

പൊതുനിർദ്ദേശം

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയം ആണ് ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ച് മനസിലാക്കണം
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം

1. കിഴക്കൻ റോമാസാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന കോൺസ്റ്റാന്റി നോപ്പിളിന് ലോക ചരിത്രത്തിൽ സുപ്രധാനമായ സ്ഥാനമാണ് ഉണ്ടായിരുന്നത്.
   (എ) കോൺസ്റ്റാന്റിനോപ്പിളിന്റെ സവിശേഷതകൾ എന്തെല്ലാമായിരുന്നു? (2)
   (ബി) തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കിയത് ഏത് വർഷമാണ്? (1)
   (സി) കോൺസ്റ്റാന്റിനോപ്പിളിൽ നിന്നും ഭൂരിഭാഗം ജനങ്ങളും ഇറ്റലിയിലേക്ക് കുടിയേറി പാർക്കാൻ ഇടയായ സാഹചര്യം എന്തായിരുന്നു.? (2)

2. യൂറോപ്പിലെ നവോത്ഥാനം അക്കാലത്തെ മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളിലും വലിയ മാറ്റങ്ങൾ വരുത്തി.
   (എ) നവോത്ഥാനം ശാസ്ത്രരംഗത്തുണ്ടാക്കിയ സ്വാധീനത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക (2)
   (ബി) താഴെ നൽകിയിരിക്കുന്ന പട്ടിക ശരിയായ രീതിയിൽ ക്രമീകരിക്കുക (3)

| കലാകാരൻമാർ | സൃഷ്ടികൾ | മേഖലകൾ |
|---|---|---|
| • പെട്രാർക്ക് | • മൊണാലിസ | • ശില്പവിദ്യ |
| • ഡൊണാറ്റെല്ലോ | • സീക്രട്ടം | • പെയിന്റിംഗ് |
| • ലിയനാർഡോ ഡാവിഞ്ചി | • ഗെട്ടാമെലിത്ത | • സാഹിത്യം |

3. കച്ചവടാധിപത്യത്തിനായി മത്സരിച്ച വിദേശിയർക്ക് ഇന്ത്യയിൽ ധാരാളം ചെറുത്തുനില്പുകൾ നേരിടേണ്ടി വന്നു.
   (എ) 4-ാം മൈസൂർ യുദ്ധത്തിൽ ബ്രിട്ടീഷുകാരുടെ ആക്രമണത്തെ ശക്തമായി ചെറുത്ത ഭരണാധികാരി ആരായിരുന്നു ? ടിപ്പുസുൽത്താൻ (1)
   (ബി) കുളച്ചൽ യുദ്ധം നടന്നത് ഏത് വർഷമാണ്? (1)
   (സി) പോർട്ടുഗീസ്കാരുമായുള്ള കച്ചവടബന്ധം ഇന്ത്യയുടെ സാമ്പത്തിക സാംസ്കാരിക മേഖലകളിൽ ഉണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാം? (3)

4. നിയമനിർമാണങ്ങളും ഉടമ്പടികളും വഴിയാണ് ബ്രിട്ടീഷുകാർ ഇന്ത്യയിൽ ആധിപത്യം ഉറപ്പിച്ചത്.

(എ) താഴെ നൽകിയിരിക്കുന്ന ഫ്ളോചാർട്ട് പൂർത്തിയാക്കുക. (3)




(ബി) ദത്തവകാശ നിരോധന നിയമം എന്തെന്ന് വിശദീകരിക്കുക (2)

5. തൊഴിലുകളിൽ ഏർപ്പെട്ടിരുന്ന എല്ലാ വിഭാഗങ്ങളെയും കമ്പനി ഭരണം ബാധിച്ചിരുന്നു

(എ) കമ്പനി ഭരണത്തിന്റെ ചൂഷണത്തിനിരയായ പരമ്പരാഗത തൊഴിൽ വിഭാഗങ്ങൾ എതെല്ലാം.? (3)

(ബി) ഇന്ത്യയിലെ കൃഷിയിടങ്ങളിൽ ചണം, പരുത്തി, നീലം എന്നീ കൃഷികൾ വ്യാപിപ്പിക്കുവാൻ ബ്രിട്ടീഷുകാർ തീരുമാനിച്ചത് എന്തുകൊണ്ട്? (2)

6. ഇന്ത്യാചരിത്രവുമായി ബന്ധപ്പെട്ട ചില നിർണായക സംഭവങ്ങളുടെ ടൈംലൈൻ

(എ) ചുവടെ നൽകിയിരിക്കുന്നു. പൂർത്തിയാക്കുക. (3)




(ബി) ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശദമാക്കുക? (2)

7. ഇന്ത്യയിലെ നവോത്ഥാന നായകർ സാമൂഹിക അനാചാരങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിൽ സുപ്രധാനപങ്ക് വഹിച്ചു.
   (എ) 'ഇന്ത്യൻ നവോത്ഥാനത്തിന്റെ പിതാവ്' എന്നറിയപ്പെടുന്നത് ആരെയാണ്? (1)
   (ബി) ജോതിറാവുഫുലെ സ്ഥാപിച്ച സംഘടന ഏതാണ്? (1)
   (സി) ഇന്ത്യക്കാരിൽ ദേശീയത വളരാൻ സഹായിച്ച ഘടകങ്ങൾ ഏവ? (3)

8. ബംഗാൾ വിഭജനവും തുടർന്നുണ്ടായ സമരങ്ങളും ഇന്ത്യൻ ദേശിയപ്രസ്ഥാനത്തെ പുതിയൊരു ഘട്ടത്തിലേക്ക്നയിച്ചു.
   (എ) ഇന്ത്യൻ ദേശീയ പ്രക്ഷോഭത്തിന്റെ ഗതിയെ സ്വാധീനിച്ച ബംഗാൾ വിഭജനത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക (4)
   (ബി) 'ലോകമാന്യ' എന്ന പേരിലറിയപ്പെടുന്നത് ആരെയാണ്? (1)